പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1086 30.11.2018 -ൽ മറുപടിക്ക്

## ഒഡെപെക് ഏകജാലക സംവിധാനം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് ഒഡെപെക് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നവർക്ക് സമ്പൂർണ്ണമായ ഏകജാലക സംവിധാനം ഒരുക്കുന്നത് പല കാരണങ്ങൾ കൊണ്ടും ശ്രമകരമായ ദൗത്യമാണ്. എന്നതിനാൽ ഒഡെപെക് ഏകജാലക സംവിധാനം ഏർപ്പെടുത്തി യിട്ടില്ല. എന്നാൽ തൊഴിൽ തേടുന്ന വർക്കുള്ള രജിസ്ട്രേഷൻ പ്രക്രിയ മുതൽ അഭിമുഖകത്ത് നൽകുന്നത് വരെ യുള്ള പ്രവർത്തനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ഒഡെപെക് വഴി വിദേശ തൊഴിൽ അന്വേഷകർക്ക് പുതുതായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വിദേശതൊഴിലന്വേഷകരുടെ രജിസ്ട്രേ ഷൻ മുതൽ സെലക്ഷൻ പ്രക്രിയ വരെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനും ഓൺലൈൻ ഇന്റർവ്യൂ നടത്തുന്നതിനും സൗകര്യമൊരുക്കും. വിദേശത്ത് തൊഴിൽ നേടുന്നതിന് ആവശ്യമായ ഭാഷാ/നൈപുണ്യ പരിശീലനങ്ങൾ ആരംഭിക്കും. സർക്കാർ/ സ്വകാര്യ മേഖ ലകളിലെ യോഗ്യരായ നഴ്സു മാർ/ഡോക്ടർമാർ എന്നിവർക്ക് ഇംഗ്ലണ്ടിൽ പഠനത്തോടൊപ്പം ജോലി നല്കുന്നതിന് ഇംഗ്ലണ്ടിലെ ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന ഹെൽത്ത് എഡ്യൂക്കേഷൻ ഇംഗ്ലണ്ട് (HEE) മായി സഹ കരിച്ച് ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം (ജി.എൽ.പി) ആരംഭിക്കും. |

| | | | |
|---|---|---|---|
| (സി) | ഒഡെപെക് വഴി നിലവിൽ ലഭ്യമാകുന്ന സേവനങ്ങളുടെ വിശദാംശം നൽകമോ; | | മാനവവിഭവശേഷി റിക്രൂട്ട്മെന്റ് വിഭാഗം മുഖേന വിദേശ തൊഴിൽ അവസരങ്ങളിലേക്ക് ഇവിടുത്തെ യോഗ്യരായ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുകയും അവരുടെ യാത്രാ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നു.<br>അയാട്ടാ അംഗീകാരമുള്ള ട്രാവൽ ഡിവിഷൻ മുഖേന എയർ ടിക്കറ്റിംഗിന് സൗകര്യമൊരുക്കിയിരിക്കുന്നു.<br>വിദേശ/ആഭ്യന്തര വിനോദ യാത്ര പാക്കേജുകൾ സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ